I ഇ.ബി. XIII-കേരള നിയമസഭ/XIV-6

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 06, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുടെ പ്രസ്താവന

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 158, 323 എന്നീ നമ്പർ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിൽ വന്ന പിശക് തിരുത്തിക്കൊണ്ട് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

**തിരുത്തിയ ഉത്തരം**

(1) പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3949- ാം നമ്പർ ചോദ്യത്തിനും പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 316-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(2) പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 241- ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം**

**അനധികൃത തോട്ടം കയ്യേറ്റം**

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിലുള്ള ആറായിരത്തിലധികം ഏക്കർ സർക്കാർ ഭൂമി തോട്ടം ഉടമ അനധികൃതമായി കൈവശപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം

തടസ്സപ്പെടുത്തിയതിനെതിരെ മനുഷ്യാവകാശ കമ്മീഷനും കോടതിയും പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിരുദ്ധമായി സ്ഥലം എ.ഡി.എം. തോട്ടം ഉടമയുമായി ചേർന്ന് ടോൾഗേറ്റ് സ്ഥാപിച്ച് യാത്രക്കാരിൽനിന്നും അനധികൃത ടോൾ പിരിക്കുവാനുള്ള അനുവാദം നൽകുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഇ.എസ്. ബിജിമോൾ, സർവ്വശ്രീ കെ.കെ. ജയചന്ദ്രൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): നിർഭാഗ്യകരമായ ഒരു സംഭവമാണ് കഴിഞ്ഞ ദിവസം നടന്നത്. പെരുവന്താനം വില്ലേജിലെ 5737 ഏക്കർ ഭൂമി വർഷങ്ങളായി ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയുടെ കൈവശമാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് റവന്യൂ വകുപ്പുമന്ത്രിക്കോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ നൽകാമായിരുന്നു. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നത് ശരിയല്ല എന്നുള്ള അഭിപ്രായമാണ് ഈ ഗവൺമെന്റിനുള്ളത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട മൂന്ന് പരാതികൾ

മനുഷ്യാവകാശ കമ്മീഷന് നൽകിയിരുന്നു. അതിൻപ്രകാരം ജൂൺ മാസം 4-ാം തീയതി കമ്മീഷൻ ഒരുത്തരവ് പുറപ്പെടുവിക്കുകയും ജൂൺ 12-ാം തീയതി ജില്ലാ കളക്ടർക്ക് ആ ഉത്തരവ് കൈമാറിക്കൊണ്ടുള്ള കത്ത് തയ്യാറാക്കി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കളക്ടറേറ്റിൽ നിന്നും കൊടുത്ത നിർദ്ദേശത്തിന്മേലാണ് ഗേറ്റ് മാറ്റുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്. 17-06-2015-ന് കമ്മീഷന്റെ ഉത്തരവ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ആവശ്യമായ നടപടികൾ സ്വീകരിച്ചു. 27-06-2015 -ൽ ജില്ലാ വികസന സമിതി യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.എ.യും എം.പി.യും അടങ്ങുന്നവർ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഗേറ്റ് പൊളിച്ചുനീക്കാനുള്ള നടപടി സ്വീകരിക്കാനായി ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തിക്കൊണ്ട് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. 01.07.2015-ന് ഗേറ്റ് പൊളിച്ചുനീക്കി. സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കാൻ പാടില്ലെന്നും ടോൾ പിരിക്കാൻ പാടില്ലെന്നും ഗേറ്റ് തുറന്നിടണമെന്നുമുള്ള ഹൈക്കോടതി ഉത്തരവ് അറിയാതെയാണ് ഗേറ്റ് പൊളിച്ചുനീക്കിയത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗേറ്റ് പുനഃസ്ഥാപിക്കുവാൻവേണ്ടി

കളക്ടർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്ത് എത്തിയ എ.ഡി.എം. സമരസമിതി നേതാക്കന്മാരുമായി ചർച്ച നടത്തുകയും കാര്യങ്ങളുടെ നിജസ്ഥിതി അറിയിക്കുകയും ചെയ്ത സമയത്താണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി ബിജിമോളുടെ നേതൃത്വത്തിൽ എ.ഡി.എം.നെതിരെ ആക്രമണമുണ്ടായത്. ഈ സംഭവം ന്യായീകരിക്കാൻ കഴിയുന്നതല്ല. നീതി നടപ്പാക്കാൻ പോയ ഉദ്യോഗസ്ഥനെ കയ്യേറ്റം ചെയ്ത വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ മുഴുവൻ ജീവനക്കാരും പണിമുടക്ക് നടത്തി. ജനങ്ങളോടുള്ള ഉത്തരവാദിത്വം നടപ്പാക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിൽ ആറായിരത്തിലധികം ഏക്കർ സർക്കാർ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിവച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും കൊടുത്ത കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ഈ ഭൂമിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും വിവിധ കോടതികളിലുമായി നിരവധി കേസ്സുകൾ നിലവിലുണ്ട്. ഈ കേസ്സുകളിലൊന്നും ആധികാരികമായ

രേഖ ഹാജരാക്കാൻ ടി.ആർ & ടി കമ്പനി മാനേജ്മെന്റിന് കഴിഞ്ഞിട്ടില്ല. എന്നിട്ടും എസ്റ്റേറ്റിലൂടെയുള്ള വഴികളിൽ ഗേറ്റുകൾ സ്ഥാപിച്ച് കമ്പനി അനധികൃതമായി ടോൾ പിരിവ് നടത്തിക്കൊണ്ടിരിക്കുകയാണ്. സഞ്ചാര സ്വാതന്ത്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടെ നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതിനെതിരെ ക്രിമിനൽ കേസ്സെടുക്കുകയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഗേറ്റുകൾ നീക്കം ചെയ്യാനും ജനങ്ങൾക്ക് സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കാനും ടോൾ പിരിച്ച മുഴുവൻ തുകയും പലിശ സഹിതം തിരിച്ചടക്കാനുമുള്ള നടപടി സ്വീകരിക്കണം. രേഖകളിലാത്ത ഭൂമിക്ക് കരമൊടുക്കിയതിനും പോക്കുവരവ് ചെയ്തതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കണം. വിദേശ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന കമ്പനികൾ ഇപ്പോഴും അതേ അവസ്ഥയിൽ സംസ്ഥാനത്ത് തുടരുന്നതുസംബന്ധിച്ച് ഒരു നിയമസഭാ സമിതിയെവച്ച് അന്വേഷണം നടത്തണം. റവന്യൂ വകുപ്പിൽ നടക്കുന്ന അഴിമതിയെക്കുറിച്ചും അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2006-ൽ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടത്തിയിരുന്ന ടോൾ പിരിവിനെ സംബന്ധിച്ച് അന്ന് സഭാംഗമായിരുന്ന ശ്രീമതി ഇ. എസ്. ബിജിമോൾ എതിർത്തിരുന്നില്ല. ജൂൺ മാസം 17-ാം തീയതി മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആവശ്യമായ നടപടി സ്വീകരിക്കാൻ ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തിയത്. എന്നാൽ ഇതിനെതിരെ കമ്പനി ഉദ്യോഗസ്ഥർ ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഗേറ്റ് തുറന്നിടണമെന്നും സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കാനും ടോൾ പിരിക്കാനും പാടില്ലെന്നും ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് സ്ഥലത്തെത്തിയ ഉദ്യോഗസ്ഥനെ കൈയ്യേറ്റം ചെയ്യാനാണ് എം.എൽ.എ.യുടെ നേതൃത്വത്തിൽ ശ്രമിച്ചത്. ഇത്തരം പ്രവണതകൾ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

നിയമസഭാംഗമെന്ന പരിരക്ഷ ലഭിക്കുമെന്നതുകൊണ്ട് എന്തും പ്രവർത്തിക്കാമെന്ന മനോഭാവം ശരിയല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം

തടസ്സപ്പെടുത്തുന്ന നിലപാടിനോട് രാഷ്ട്രീയപാർട്ടികളാരും യോജിക്കുകയില്ല. മനുഷ്യാവകാശ കമ്മീഷനും ബഹുമാനപ്പെട്ട ഹൈക്കോടതിയും ഈ വിഷയത്തിൽ ജനങ്ങൾക്കനുകൂലമായ തീരുമാനമാണ് കൈക്കൊണ്ടത്. ഗേറ്റ് തുറന്നിടണമെന്നും സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നും ടോൾ പിരിവ് പാടില്ലെന്നുമുള്ള ഹൈക്കോടതി വിധി അറിയാതെയാണ് ഗേറ്റ് പൊളിക്കുന്നതിനുള്ള മനുഷ്യാവകാശ കമ്മീഷന്റെ തീരുമാനം ഉദ്യോഗസ്ഥർ നടപ്പിലാക്കിയത്. പ്രതിപക്ഷത്തിന്റെ വിലകുറഞ്ഞ രാഷ്ട്രീയതന്ത്രമാണ് ഈ പ്രശ്നം വഷളാകുന്നതിന് കാരണമായത്. ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) ശബരി റെയിൽ പദ്ധതി

ശ്രീ. ജോസഫ് വാഴയ്ക്കൻ: പുതിയ റെയിൽവേ പദ്ധതികളുടെ 50% വിഹിതം സംസ്ഥാനങ്ങൾ വഹിക്കണമെന്ന കേന്ദ്രസർക്കാർ നയവും പഴയ പദ്ധതികൾക്ക് അത് സാദ്ധ്യമല്ലെന്ന സംസ്ഥാന നിലപാടുംമൂലം ശബരി റെയിൽ പദ്ധതി നിശ്ചലാവസ്ഥയിലായിരിക്കുകയാണ്. എറണാകുളം, ഇടുക്കി ജില്ലകളിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകിയവർക്ക് തുക നൽകിയിട്ടില്ല. 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച മറ്റ് പ്രദേശങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. എറണാകുളം ജില്ലയിൽ കാലടി വരെയുള്ള റെയിൽവേ ലൈൻ പൂർത്തിയാക്കുകയും ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനമിറക്കി ബാക്കി ഭാഗങ്ങളിലെ കൈമാറ്റവും നിർമ്മാണവും തടഞ്ഞിരിക്കുകയുമാണ്. മൂവാറ്റുപുഴയിലുണ്ടായിരുന്ന ശബരി റെയിൽവേയുടെ ഓഫീസും ഭൂമി ഏറ്റെടുക്കാനായി ആരംഭിച്ച സ്പെഷ്യൽ തഹസീൽദാർ ഓഫീസും അടച്ചുപൂട്ടിയിരിക്കുകയാണ്. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായ ശബരിമലയുടെ പ്രാധാന്യം കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തി മദ്ധ്യകേരളത്തിന്റെ

വികസനത്തിനുതകുന്ന ശബരി റെയിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനും റെയിൽവേയ്ക്ക് പൂർണ്ണമായും ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയില്ലെങ്കിൽ സംസ്ഥാന സർക്കാർ 50% വിഹിതം നൽകിക്കൊണ്ട് പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1997-98-ലെ കേന്ദ്ര ബഡ്ജറ്റിൽ അംഗീകരിച്ച അങ്കമാലി-ശബരി റെയിൽ പ്രോജക്ടിന്റെ അലൈൻമെന്റ് എറണാകുളം-കോട്ടയം-ഇടുക്കി ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. പദ്ധതി പ്രഖ്യാപിക്കുന്ന സമയത്ത് കണക്കാക്കിയിരുന്ന തുകയുടെ മൂന്നിരട്ടിയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ്. അങ്കമാലി - അഴുത വരെയായിരുന്ന അലൈൻമെന്റ് പെരിയാർ കടുവാസങ്കേതത്തിലെ ബഫർ സോൺ പരിധി ഒഴിവാക്കി എരുമേലിവരെ നീട്ടിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ 34.98 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും അങ്കമാലി മുതൽ കാലടിവരെ റെയിൽ പാതയുടെ പണി പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്. കാലടി റെയിൽവേ പാലത്തിന്റെയും സ്റ്റേഷന്റെയും പണി പുരോഗമിച്ചുവരുന്നു. കോട്ടയത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കപ്പെട്ടു. പുതിയ റെയിൽവെ ലൈൻ നിർമ്മാണ ചെലവിന്റെ പകുതി സംസ്ഥാന ഗവൺമെന്റ്

വഹിക്കണമെന്ന കേന്ദ്ര ഗവൺമെന്റ് നയത്തിൽനിന്ന് ശബരി റെയിൽ പദ്ധതിയെ ഒഴിവാക്കണമെന്നും ശബരിമലയുടെ പ്രാധാന്യം ഉൾക്കൊണ്ട് പ്രസ്തുത പ്രോജക്ട് റെയിൽവെ ഏറ്റെടുത്ത് നടത്തണമെന്നതുമാണ് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം. അതിനുള്ള ശ്രമം തുടരുന്നതോടൊപ്പം പ്രസ്തുത പ്രോജക്ട് കേരളത്തിന് നഷ്ടമാകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകുകയില്ലെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. സ്ഥലമെടുപ്പിന്റെ കാര്യത്തിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ശബരി റെയിൽ പദ്ധതിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ തീരുമാനമുണ്ടായാൽ ഉടൻതന്നെ സംസ്ഥാന ഗവൺമെന്റ് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (2) അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ ചൂഷണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സംസ്ഥാനത്തെ മൂവായിരത്തോളം അൺ-എയ്ഡഡ് സ്കൂളുകളിലായി ജോലി ചെയ്യുന്ന രണ്ടരലക്ഷത്തോളം വരുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഹരിക്കപ്പെടാതെ ചൂഷണം ചെയ്യപ്പെടുകയാണ്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും ലഭിക്കാത്ത ഇവരുടെ പരാതികൾ പരിശോധിക്കുന്നതിന് അതോറിറ്റി

രൂപീകരിക്കണമെന്നാവശ്യപ്പെട്ടിട്ടും തയ്യാറാകാത്ത സർക്കാർ അവരുടെ സംഘടനാ രൂപീകരണവും സർവ്വീസ് ബുക്കും, ശമ്പള സ്കെയിലും ഇൻക്രിമെന്റും പ്രസവാവധിക്കാല ശമ്പളവും പി.എഫ്.-ഇ.എസ്.ഐ. ആനുകൂല്യങ്ങളും നിഷേധിക്കുകയാണ്. സി.ബി.എസ്.ഇ. സ്കൂളുകളുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഹൈക്കോടതി വിധി നടപ്പാക്കുന്നില്ല. ഡി.പി.ഐ.യുടെ നേതൃത്വത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് സമിതി യോഗം ചേരുകയോ പരാതികളിന്മേൽ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. കോടതി വിധിപ്രകാരമുള്ള മിനിമം വേതനം നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തി അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സി.ബി.എസ്.ഇ/ സ്റ്റേറ്റ് സിലബസുകളിൽ പഠിപ്പിക്കുന്ന അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. 2007-ൽ സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശ പ്രകാരം അംഗീകാരമുള്ള

അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യപാകരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുകയും മിനിമം വേതനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സിബി.എസ്.ഇ.,/ഐ.സി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നിർണ്ണയിച്ചുനൽകുകയും പ്രസ്തുത വിഷയം സംബന്ധിച്ച ഹൈക്കോടതി വിധി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 26-12-2013-ലെ ജി.ഒ. പ്രകാരം കണ്ണൂർ സർവ്വകലാശാലാ വൈസ്ചാൻസിലർ ചെയർമാനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശപ്രകാരം സംസ്ഥാനത്തെ അൺ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് യു.ജി.സി., നെറ്റ്, പി.എച്ച്.ഡി. തുടങ്ങിയ യോഗ്യതയുള്ള

അൺ -എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് തത്തുല്യ തസ്തികയിലെ സ്റ്റേറ്റ് സ്കെയിലും പ്രസ്തുത യോഗ്യതയുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിശ്ചയിച്ച ശമ്പളവും യോഗ്യതയില്ലാത്ത അദ്ധ്യാപകർക്ക് കരാർ കാലാവധി മൂന്നുവർഷവും പ്രതിമാസം പതിനായിരം രൂപ നിരക്കിൽ ശമ്പളവും നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും അനദ്ധ്യാപക ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ പ്രതിമാസവേതനവും നിശ്ചയിച്ചിട്ടുണ്ട്. എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി, കേപ്പ് തുടങ്ങിയ സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രത്യേകമായ നിയമനരീതികൾ ഉള്ളതിനാലും നിയമിക്കപ്പെട്ട അദ്ധ്യാപകർ ഉന്നതപഠനത്തിന് പോകുന്ന ഒഴിവുകളിൽ ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്നുള്ളതുകൊണ്ടും മൂന്നുവർഷത്തെ മിനിമം കരാർ കാലാവധി എന്ന വ്യവസ്ഥയിൽനിന്നും ഇവയെ ഒഴിവാക്കിയിട്ടുണ്ട്. അൺ എയിഡഡ് മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) <u>സർക്കാർ ഭൂമി വ്യക്തികൾക്ക് കൈമാറൽ</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കാസർകോഡ് കോട്ടയുടെ 5.41 ഏക്കർ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള ശ്രമം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 30-9-1909-ലെ മദ്രാസ് ബോർഡ് ഓഫ് റവന്യൂവിന്റെ റെസലൂഷൻപ്രകാരം കാസർകോഡ് ജില്ലയിലെ തളങ്കര വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 4.80 ഏക്കർ ഭൂമി ഗണപയ്യ എന്ന ആൾക്ക് ഗ്രൗണ്ട് റെന്റിന് നല്കിയിട്ടുള്ളത് പരമ്പരാഗതമായി കൈമാറാവുന്നതും സബ് ലീസ് ചെയ്യാവുന്നതും എന്നാൽ വില്പന നടത്താൻ പാടില്ലാത്തതുമാണ്. ഗണപയ്യയുടെ മരണശേഷം അനന്തരാവകാശികളിലൊരാളായ സജ്ജീവ റാവുവിന്റെ പേരിൽ ലഭിച്ചെങ്കിലും ടി ഭൂമിയിലെ താമസക്കാരനായ അമ്മു പൂജാരിയുടെ പിതാവിന് 1956-ൽ സബ് ലീസ് ചെയ്യപ്പെടുകയും 1971-ൽ അമ്മു പൂജാരി പ്രസ്തുത സ്ഥലത്തിന് ലാന്റ് ട്രിബ്യൂണലിൽനിന്ന് പട്ടയം വാങ്ങുകയുമുണ്ടായി. ഇതിനെതിരെ ഗണപയ്യയുടെ പൗത്രൻ കോഴിക്കോട് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ അനുവദിച്ചുകൊണ്ട് മേപ്പടി സ്ഥലം സർക്കാർ സ്ഥലമാണെന്ന് സബ്കോടതിയും ജില്ലാകോടതിയും ഹൈക്കോടതിയും ശരിവച്ചു. 2009-ൽ

ഗണപയ്യയുടെ പൗത്രന്മാരിലൊരാൾ മേപ്പടി ഭൂമിക്ക് കരമൊടുക്കുകയും സ്ഥലം വിൽപ്പന നടത്തുകയും ചെയ്തുവെങ്കിലും 2010-ൽ ഈ കൈമാറ്റം അനധികൃതമാണെന്ന് കണ്ടതിനെത്തുടർന്ന് കരം സ്വീകരിച്ച ഉത്തരവ് അസ്ഥിരപ്പെടുത്തുകയും മേപ്പടി ഭൂമി സർക്കാർ ഭൂമിയാണെന്ന് വ്യക്തമാകുകയും ചെയ്തു. സർക്കാർ ഭൂമി മറ്റ് ആളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നതല്ല.

## (2) ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ

ശ്രീ. കെ. എസ്. ശബരീനാഥൻ: വിതുര പഞ്ചായത്തിലെ ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കാനും ഓണത്തിന് അലവൻസ് നൽകാനും എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് 07.07.2015-ന് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ അടക്കമുള്ള എല്ലാ വിഭാഗം ആളുകളുമായി സംയുക്ത പരിശോധന നടത്തുന്നതാണ്. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ യോഗംചേർന്ന് വിദ്യാഭ്യാസ-ചികിത്സ-വിവാഹ

ധനസഹായ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. ലയങ്ങളുടെ നവീകരണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തോട്ടം ഏറ്റെടുക്കലിന്റെ നിയമസാധുത പരിശോധിക്കുന്നതിനായി തൊഴിൽ വകുപ്പ് സെക്രട്ടറിയുൾപ്പെടെ വിവിധ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമവ്യവസ്ഥയിൽ നിന്നുകൊണ്ട് സർക്കാരിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളിലും നടപടി സ്വീകരിക്കുന്നതാണ്. സൗജന്യ റേഷൻ അനുവദിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതാണ്. തൊഴിൽ വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് തോട്ടം ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (3) നെല്ലിയാമ്പതി സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: നെല്ലിയാമ്പതിയിലെ ഭൂമി സംബന്ധമായി നടന്ന സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് എൻക്വയറി നടത്തിക്കഴിഞ്ഞാൽ മാത്രമേ നിയമസഭയുടെ മേശപ്പുറത്ത് റിപ്പോർട്ട് വയ്ക്കേണ്ടതുള്ളൂ. ഈ വിഷയം സംബന്ധിച്ച് വിവിധ കോടതികളിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന ഹർജികൾ ഒഴിവാക്കിക്കൊണ്ടും ശരിയായ രീതിയിൽ സർവ്വേ നടത്തിയും അതിർത്തികൾ അടയാളപ്പെടുത്തിക്കൊണ്ടും സർക്കാർ രേഖകൾ കാലാനുസൃതമായി പുതുക്കേണ്ടതാണെന്നും കർഷകർ ലോണെടുത്തതിനോ അവർ ഇപ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്കോ യാതൊരു തടസ്സവുമില്ലെന്നും സി.ബി.ഐ. റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) സെക്ഷൻ ഓഫീസും സബ്സ്റ്റേഷനും ആരംഭിക്കാൻ നടപടി

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി വള്ളിത്തോട് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസും കേളകത്ത് സബ്സ്റ്റേഷനും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കാലവർഷക്കെടുതിയിൽ കെ.എസ്.ഇ.ബി.-ക്ക് 15 കോടി രൂപയുടെ നാശനഷ്ടം

സംഭവിക്കുകയുണ്ടായി. ജീവനക്കാരുടെ രാവും പകലുമുള്ള പ്രയത്നത്തിന്റെ ഫലമായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പൂർവ്വസ്ഥിതി കൈവരിക്കാനും സാധിച്ചിട്ടുണ്ട്. ഇരിട്ടി, എട്ടൂർ, പുളിക്കൽ സെക്ഷനുകൾ വിഭജിച്ച് വള്ളിത്തോട് സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം കേളകത്ത് സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിശോധിച്ചുവരികയുമാണ്.

## (5) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിലനിർത്തുന്നത് സംബന്ധിച്ച്

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ നിലവിലുണ്ടായിരുന്ന സർവ്വീസുകൾ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിലവിൽ 36 സർവ്വീസുകളുള്ളതിൽ മൂന്ന് ഓവർടേക്ക് സർവ്വീസുകൾ ഒരു കാരണവശാലും റദ്ദ് ചെയ്യാൻ പാടില്ലാത്തതാണ്. ബസിന്റെ കുറവ് അനുഭവപ്പെടുമ്പോൾ വരുമാനകുറവുള്ള സർവ്വീസുകൾ റദ്ദ് ചെയ്ത് വരുമാന

കൂടുതലുള്ള സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യും. ഒരു ഫാസ്റ്റ് പാസഞ്ചറിന്റേയും ആറ് ഓർഡിനറി ബസ്സുകളുടേയും കുറവാണ് അനുഭവപ്പെടുന്നത്. കൂടാതെ അഞ്ച് ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി മാറ്റിനിർത്തിയിരിക്കുകയാണ്. ബോഡി നിർമ്മാണം പൂർത്തിയായി പുതിയ ബസ്സുകൾ പുറത്തിറക്കുന്ന മുറയ്ക്ക് ബസ്സുകളുടെ കുറവ് നികത്തുന്നതാണ്. ലാഭകരമായി ഓടുന്ന സർവ്വീസുകൾ നിലനിർത്തുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

## (6) ഗുരുവായൂർ ടൗണിനെ ഹെറിറ്റേജ് സിറ്റിയായി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. പി. എ. മാധവൻ: ദക്ഷിണേന്ത്യയിലെ പ്രമുഖ ക്ഷേത്ര നഗരമായ ഗുരുവായൂർ ടൗണിനെ ഹെറിറ്റേജ് സിറ്റിയായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച അമൃതനഗരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച അമൃത നഗരം പദ്ധതിയിലെ ഹൃദയ സ്കീമിൽ ഹെറിറ്റേജ് സിറ്റികളായി കേരളത്തിലെ ഒരു നഗരത്തേയും ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ

ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ഗുരുവായൂർ, കാലടി ഉൾപ്പെടെ ഏഴ് നഗരങ്ങളെ കൂടി ഹെറിറ്റേജ് സിറ്റികളായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടികളും അടിയന്തരമായി കൈക്കൊള്ളുന്നതും പൈതൃക നഗരമായി മാറുമ്പോൾ നിർമ്മാണ-പശ്ചാത്തല വികസന മേഖലകളിൽ പ്രയാസങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (7) <u>പാറ്റൂർ കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ആർ. രാജേഷ്</u>: മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): നൂറനാട് ചുനക്കര സമീപ വില്ലേജുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഘട്ടം I, II എന്നിവയുടെ പൊതുഘടകമായ റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും ക്ലീയർ വാട്ടർ പമ്പിംഗ് മെയിനിന്റെ 6700 മീറ്ററും ഭൂജലസംഭരണിയിൽനിന്ന് ചുനക്കരയിലേയ്ക്കുള്ള 2970 മീറ്റർ 250 എം.എം. ഗ്രാവിറ്റി മെയിനും

പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുണ്ടെങ്കിലും ഉപയോഗക്ഷമമല്ലാത്തതിനാൽ റാ വാട്ടർ പമ്പ് ഹൗസ് പുനർനിർമ്മിക്കുന്നതിനുള്ള ടെൻഡർ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. പാറ്റൂരിലെ 10 എം.എൽ.ഡി. ശുദ്ധീകരണ ശാലയുടേയും 4.5 ലക്ഷം സംഭരണശേഷിയുള്ള ഭൂജല സംഭരണിയുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാലമേൽ-താമരക്കുളം പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി 130 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റ് സ്ഥാപിക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതാണ്. ആലപ്പുഴയിൽ ആരംഭിച്ച പ്രോജക്ട് ഡിവിഷനിലേയ്ക്ക് കൈമാറ്റം ചെയ്ത് പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആറ് മാസംകൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) ഒറ്റപ്പാലം താലൂക്കാശുപത്രി

ശ്രീ. എം. ഹംസ: ആധുനിക സൗകര്യങ്ങളും അനുയോജ്യമായ കെട്ടിട സമുച്ചയവുമുള്ള ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ആയിരത്തോളം ഒ.പി.യും ഇരുന്നൂറോളം ഐ.പി.യും ആധുനിക പശ്ചാത്തല-ചികിത്സാ സൗകര്യങ്ങളും സജ്ജീകരണങ്ങളും നിലവിലുണ്ട്. ഈ സൗകര്യങ്ങൾ വിലയിരുത്തി സർക്കാരിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധനാ വിധേയമാക്കുന്നതാണ്.

## (9) ആരാധനാലയങ്ങൾക്കുനേരെയുള്ള കയ്യേറ്റം

ശ്രീ. ടി. എൻ. പ്രതാപൻ: മുസിരിസ് പൈതൃക പട്ടണമായ കൊടുങ്ങല്ലൂരിലെ സമാധാനാന്തരീക്ഷം നിലനിർത്താനും ആരാധനാലയങ്ങൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളും കയ്യേറ്റങ്ങളും കല്ലേറുകളും തടയാനും അക്രമം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഡി.വൈ.എഫ്.ഐ. നേതാവ് ബിജു കൊല്ലപ്പെട്ടതിന്റെ ഏഴാം വാർഷികാചരണത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂരിൽ 02.07.2015-ൽ സി.പി.ഐ.(എം) നേതൃത്വത്തിൽ നടത്തിയ പ്രകടനത്തിനിടെ കൊടുങ്ങല്ലൂർ

ഭഗവതി ക്ഷേത്ര കോമ്പൗണ്ടിൽ നിന്നിരുന്ന ബി.ജെ.പി പ്രവർത്തകരുടെ നേരെ പ്രകോപനപരമായി മുദ്രാവാക്യം വിളിക്കുകയും കല്ലെറിയുകയും ചെയ്തതിൽ ദർശനത്തിനുവന്ന രണ്ടുപേർക്ക് പരിക്കുപറ്റി. കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കൊടുങ്ങല്ലൂർ എസ്.ഐ. നൽകിയ നിർദ്ദേശത്തെ വകവയ്ക്കാതെ പരസ്പരം കല്ലേറ് നടത്തിയവരെ പിരിച്ചുവിടുന്നതിന് ടിയർ ഗ്യാസ് പൊട്ടിക്കുകയും ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി. സി/ഐ.പി.സി. യിലെ വിവിധ വകുപ്പുകൾ പ്രകാരം രണ്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയും 5 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ജാഥ കഴിഞ്ഞ് തിരിച്ചുപോയ സി.പി.ഐ (എം) പ്രവർത്തകന്റെ ജീപ്പ് കല്ലെറിഞ്ഞ് തകർത്തതിൽ കണ്ടാലറിയാവുന്ന രണ്ടുപേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരാധനാലയങ്ങൾക്ക് നേരെയുള്ള കൈയേറ്റങ്ങളെയും അക്രമങ്ങളെയും പോലീസ് ശക്തമായി നേരിടുന്നതാണ്. കൊടുങ്ങല്ലൂരിൽ സമാധാനാന്തരീക്ഷം പുന:സ്ഥാപിച്ചിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2)പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX -വാഹന നികുതികൾ (67,83,08,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV -വനം (380,55,69,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI -ഗതാഗതം (851,86,07,000 രൂപ)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ

(120,00,49,000 രൂപ )

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ കെ. പി. മോഹനൻ): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: കഴിഞ്ഞ നാലുകൊല്ലമായി സംസ്ഥാനത്ത് അപ്രഖ്യാപിത പവർ കട്ടാണ്. പുതിയ ഉത്പാദന പദ്ധതികളോ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതികൾക്ക് തുടർനടപടികളോ ഉണ്ടായിട്ടില്ല. 3000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ മൂന്ന ചെറുകിട പദ്ധതികളിലായി 12 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉത്പാദിപ്പിച്ചത്. പുറത്തുനിന്ന് കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതുകൊണ്ട് 4000 കോടി രൂപയുടെ ബാധ്യതയാണ് ഉണ്ടായിരിക്കുന്നത്. കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഒഡീഷയിലെ വൈതരണി പദ്ധതിയും എൽ.എൻ.ജി പദ്ധതിയും വഴിയിലുപേക്ഷിച്ചു. കൂടംകുളം-കൊച്ചി വൈദ്യുതിലൈൻ ഇടമൺ വരെ എത്തി നിൽക്കുകയാണ്. ഇതിന്റെ ബാക്കി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 300 കോടി രൂപയുടെ ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി 1000 കോടി രൂപയുടെ നഷ്ടപരിഹാര പാക്കേജിന് ഒരുങ്ങുന്നുവെന്നാണ് മനസ്സിലാക്കുന്നത്. മൈസൂർ എടരിക്കോട് 400 കെ.വി.ലൈനിന്റെ പണി മുന്നോട്ടുപോകുന്നില്ല. പാർലമെന്റിൽ കൊണ്ടുവന്നിരിക്കുന്ന പുതിയ വൈദ്യുതി ബിൽ പാസ്സായാൽ വൈദ്യുതി

ഉത്പാദന, പ്രസരണ, വിതരണ മേഖല സ്വകാര്യ കുത്തകകൾക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടിവരും. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഇത് ഗൗരവമായി കാണണം. സമസ്ത മേഖലകളിലും അഴിമതിയും ആശങ്കാജനകമായ പ്രവർത്തനവും കാഴ്ചവയ്ക്കുന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പത്ത് കിലോമീറ്ററിൽ കൂടുതൽ ചുറ്റളവുള്ള സെക്ഷൻ ഓഫീസുകളിൽ കൂടുതൽ ലൈൻമാൻമാരെ നിയമിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകണം. കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽനിന്ന് അനധികൃതമായി കേബിൾ വലിക്കുന്ന പ്രവണതയ്ക്ക് മാറ്റമുണ്ടാകണം. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം കൃഷി വകുപ്പുമായി ആലോചിച്ച് ഭക്ഷ്യ-നാണ്യ വിളകൾക്ക് അനുവദിച്ച താരിഫ് പുന:സ്ഥാപിക്കണം. കൂടംകുളം താപവൈദ്യുത നിലയത്തിൽ നിന്നും കൊച്ചിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്ന പദ്ധതി പ്രാവർത്തികമാക്കാനും പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കാനും മുൻകൈയെടുക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷനും കുടിശ്ശികയും കൊടുത്തുതീർക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള

പാക്കേജ് സമയബന്ധിതമായി നടപ്പാക്കണം. കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഷെഡ്യൂളുകളുടെ സമയക്ലിപ്തത പാലിക്കാനും ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും തിരക്കുള്ള റൂട്ടുകളിൽ കൂടുതൽ ലേഡീസ് ഒൺലി ബസ്സുകൾ അനുവദിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമിയിൽ ഷോപ്പിംഗ് മാളുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് അധികവരുമാനമുണ്ടാക്കാൻ തയ്യാറാകണം.

ശ്രീ. വി. ശശി: കഴിഞ്ഞ നാല് വർഷത്തെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം വളരെ നിരാശാജനകമാണ്. മുൻ ഗവൺമെന്റിന്റെ കാലത്തെ അപേക്ഷിച്ച് ഉൽപ്പാദന മേഖലയിലും പ്രസരണ മേഖലയിലും ഗണ്യമായ കുറവ് വന്നിരിക്കുകയാണ്. ശരിയായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിനും നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്ന സബ് സ്റ്റേഷനുകളിലൂടെ കോടികളുടെ നഷ്ടമാണ് കെ.എസ്.ഇ.ബി.ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മവും കുറ്റമറ്റതുമായ ആസൂത്രണം യുദ്ധകാലാടിസ്ഥാനത്തിലുള്ള വേഗത, കാര്യക്ഷമത, മോണിറ്ററിംഗ് എന്നിവ ആവശ്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ. വിഭാഗത്തിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അടയ്ക്കേണ്ട എഗ്രിമെന്റ് തുക 500 രൂപയാക്കി വർദ്ധിപ്പിച്ച നടപടി ഒഴിവാക്കണം. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണം. 'ഒരുമ നെറ്റ്' സമ്പ്രദായം കാര്യക്ഷമമാക്കണം. ജീവനക്കാരുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന 25 വർഷത്തേയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 36.06 മെഗാവാട്ടിന്റെ 10 ജലവൈദ്യുതി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയുടെ ഭൂപ്രകൃതി പരിഗണിച്ച് ഉപഭോക്താക്കളുടെ എണ്ണം

കണക്കിലെടുത്ത് സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിനും എൻഡോസൾഫാൻ ബാധിതരുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം. വന്യജീവികളുടെ കടന്നാക്രമണംമൂലം മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കണം. വൈദ്യുതവേലികൾ മെയിന്റയിൻ ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം അനുവദിക്കണം. ചെക്ക് പോസ്റ്റുകളിലെ ക്യാമറകളിൽ പതിയുന്ന അന്യസംസ്ഥാന വാഹനങ്ങളിൽനിന്ന് പിഴ ഈടാക്കാൻ നടപടിയുണ്ടാകണം. കാസർഗോഡ് ജില്ലയിൽ എ.സി. ലോ ഫ്ലോർ ബസ് അനുവദിക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം മലബാർ പ്രദേശങ്ങളിലും അടിയന്തരമായി നടപ്പാക്കണം. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കെ.ടി.ഡി.എഫ്.സി. മുഖേന നൽകുന്ന വായ്പകളുടെ പലിശ നിരക്ക് പുന:പരിശോധിക്കണം. റോഡ് സുരക്ഷ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

നിയോഗിക്കപ്പെട്ട ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ ഭൂപ്രകൃതിയെയും കാലാവസ്ഥയെയും നിയന്ത്രിക്കുകയും നിലനിറുത്തുകയും ചെയ്യുന്നതിൽ വനങ്ങൾക്ക് വലിയ പങ്കാണുള്ളത്. ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. നമ്മുടെ പാർക്കുകൾ സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ കൊണ്ടുവരണം. വിവിധ പദ്ധതികളുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനച്ചുമതല സന്നദ്ധസംഘടനകളെ എൽപ്പിക്കുന്നതിന് നടപടിയുണ്ടാകണം. അങ്ങാടിക്കുരുവികൾക്ക് കൂട് നിർമ്മിക്കുകയും ഗാന്ധിസ്മൃതി പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ വനം വച്ചുപിടിപ്പിക്കുകയും കോട്ടയത്ത് കാലാവസ്ഥാ വ്യതിയാനം തിരിച്ചറിയാനുള്ള കേന്ദ്രം സ്ഥാപിക്കുകയും ചെയ്ത വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സംസ്ഥാനത്തെ പുഴകളുടെ അതിർത്തി നിശ്ചയിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടി ഉണ്ടാകണം.

ശ്രീ. എ. റ്റി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും

കരുതലുമെന്ന മുദ്രാവാക്യത്തിലൂന്നി ചരിത്രപ്രാധാന്യമുള്ള നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിന് യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന വൈദ്യുതിതടസ്സവും അപകടമരണങ്ങളും ഒഴിവാക്കുന്നതിന് ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി എത്തിക്കുന്നതിനുള്ള ശ്രമമുണ്ടാകണം. സമ്പൂർണ്ണവൈദ്യുതീകരണം, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജനശ്രദ്ധ ഏറെ ആകർഷിച്ച പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം. വിവിധ പദ്ധതികളിലൂടെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ആദിവാസികൾക്ക് തൊഴിൽ നൽകുന്നതിനും കാവുകളുടെയും കണ്ടൽവനങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനും വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആദിവാസികളുടെ ഉന്നമനത്തിനായുള്ള "ഊരിനുണർവ് കാടിനുണർവ്" പദ്ധതി ശ്രദ്ധേയമാണ്. ഇക്കോടൂറിസത്തിന് അനുയോജ്യമായ നെയ്യാർ വനപ്രദേശത്തുള്ള ക്യാമ്പ് ഷെഡ്, ഡോർമിറ്ററി എന്നിവ വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കണം.

ശലഭപാർക്ക് സ്ഥാപിക്കുന്നതിനും ചരിത്രപ്രസിദ്ധമായ കോട്ടമൺ ദ്വീപ് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവർത്തനക്ഷമമല്ലാത്ത ഇക്കോടൂറിസം കമ്മിറ്റി പ്രവർത്തനക്ഷമമാക്കണം. വരയാടുകളെ സംരക്ഷിക്കുന്നതിനും വനപ്രദേശങ്ങളിലെ ഔഷധസസ്യങ്ങളെ സംരക്ഷിച്ച് ഉപയുക്തമാക്കുന്നതിനും നടപടികളുണ്ടാകണം. കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് കൃത്യമായി പെൻഷൻ നൽകുന്നതിനും നെയ്യാറ്റിൻകര, കാട്ടാക്കട, പാറശാല, വെള്ളറട ഡിപ്പോകളിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം. ഗ്രാമീണമേഖലയിൽ മിനി ബസ് സർവ്വീസ് ആരംഭിക്കണം. സമാന്തര സർവ്വീസുകൾക്ക് പെർമിറ്റ് കൊടുക്കുന്ന കാര്യം ആലോചിക്കണം.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:</u> ഈ സർക്കാരിന്റെ കാലത്ത് ഒരു മണ്ഡലത്തിൽ മാത്രമാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയത്. വൈദ്യുതി കണക്ഷൻ ലഭിക്കാൻ മാസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം വൈദ്യുതി ചാർജ് കൃത്യമായി കണക്കാക്കുന്നതിന് കഴിയുന്നില്ല. വോൾട്ടേജ് ക്ഷാമം രൂക്ഷമായിരിക്കുകയാണ്. പള്ളിവാസൽ, ചീമേനി ജലവൈദ്യുത

പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്തത് സർക്കാരിന്റെ കെടുകാര്യസ്ഥതമൂലമാണ്. പുതിയ പദ്ധതികളെക്കുറിച്ചുള്ള ഇൻവെസ്റ്റിഗേഷനൊന്നും നടക്കുന്നില്ല. ഏറ്റെടുത്ത പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. മലബാർ മേഖലയിലെ വൈദ്യുതി ബോർഡ് ഓഫീസുകളിൽ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കണം. സെക്ഷനുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിരിക്കുന്ന അഡ്വൈസറി കമ്മിറ്റി യോഗം കൂടുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം. വൈദ്യുതി ബോർഡിന്റെ സാമ്പത്തിക മാനേജ്മെന്റ് തകർന്നിരിക്കുകയാണ്. ജനവിരുദ്ധ സമീപനങ്ങളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. കെ.എസ്.ആർ.ടി.സിയിൽ ശമ്പളമോ പെൻഷനോ യഥാസമയം വിതരണം ചെയ്യുന്നില്ലെന്ന് മാത്രമല്ല കോർപ്പറേഷന്റെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളൊന്നും തന്നെ സ്വീകരിക്കുന്നില്ല.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി മേഖലയിൽ നിരവധി സെക്ഷൻ ഓഫീസുകളും സബ് സ്റ്റേഷനുകളും ആരംഭിക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉൾവനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ

കുടുംബങ്ങൾക്ക് വനാതിർത്തിയിൽ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. വന്യമൃഗശല്യം നേരിടുന്നതിനായി വനാതിർത്തിയിൽ കൽമതിലുകൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകണം. വന്യമൃഗശല്യംമൂലം കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. വനമേഖലയിലെ പട്ടികവർഗ്ഗക്കാർക്ക് ഉപാധി രഹിത പട്ടയം നൽകുന്നതിനും സമയബന്ധിതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കുന്നതിനും നടപടിയുണ്ടാകണം. കാരുണ്യ ബെനവലന്റ് ഫണ്ട്, ഭൂമി കേരളം, സാഫല്യം, സ്നേഹപൂർവ്വം തുടങ്ങിയ പദ്ധതികളൊക്കെ മാതൃകാപരമായി നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. രാജു എബ്രഹാം:</u> സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുയാണ്. വർദ്ധിച്ച താരിഫ് നൽകി പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിലൂടെ അമിത ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. വൈദ്യുതി ഉല്പാദന മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്യപ്പെടുന്നില്ല. ഈ സർക്കാർ അധികാരമേറ്റശേഷം 16.53 ലക്ഷം പുതിയ വൈദ്യുതി

കണക്ഷനുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. വൈദ്യുതി ഉല്പാദനം കുറയുകയും താരിഫ് നിരക്ക് ഇരട്ടിയായി വർദ്ധിച്ചിരിക്കുകയുമാണ്. സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ നാമമാത്രമാക്കി മാറ്റിയിരിക്കുന്നു. വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി പുതിയ 11 കെ.വി. ലൈനുകളും സബ് സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിലും ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുന്നതിലും ഗണ്യമായ കുറവുണ്ടായിരിക്കുകയാണ്. വൈദ്യുതിചാർജ് ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുകയാണ്. ഊർജ്ജ സംരക്ഷണ കാര്യത്തിൽ സർക്കാർ ശാസ്ത്രീയമായ മാർഗ്ഗം സ്വീകരിക്കുന്നില്ല. കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിയും നടക്കുന്നില്ലെന്ന് മാത്രമല്ല സോളാർ വൈദ്യുതി രംഗവും തകർന്നിരിക്കുകയാണ്. കേടായ മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കുന്നതിനോ വൈദ്യുത പോസ്റ്റുകൾ യഥാസമയം സ്ഥാപിക്കുന്നതിനോ കഴിയുന്നില്ല. കേബിൾ ടി.വി. മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. വനത്തിനുള്ളിൽതന്നെ മൃഗങ്ങളെ നിലനിർത്താനുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ നടപ്പാക്കണം. കെ.എസ്.ആർ.ടിസി.-ക്ക് സാമ്പത്തിക സഹായം നൽകണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

കെ.എസ്.ആർ.ടി.സി. യുടെ നാലായിരത്തി എണ്ണൂറ് സർവ്വീസുകളിൽ രണ്ടായിരം സർവ്വീസുകൾ നഷ്ടത്തിലാണ് ഓടുന്നത്. ഇപ്പോഴുള്ള വരുമാനം വർദ്ധിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ കൈവശമുള്ള സ്ഥലങ്ങൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. താനൂരിൽനിന്ന് ജില്ലാ ആസ്ഥാനത്തേക്കും പെരുന്തൽമണ്ണയിലേക്കും രണ്ട് ലോ ഫ്ളോർ ബസ്സുകൾ അനുവദിക്കണം. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നത് സ്വാഗതാർഹമാണ്. 'സോളാർ എനർജി കമ്പനി ഓഫ് ഇന്ത്യ'യുടെ ആഭിമുഖ്യത്തിൽ കേരളത്തിന് ആവശ്യമായിവരുന്നത്രയും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നീക്കം ആശ്വാസകരമാണ്. അതാതു പ്രദേശത്തെ ലൈൻമാൻമാർവഴി വീടുകളിൽ 'സോളാർ സൺസിഫ്റ്റ് ഇൻവർട്ടർ' സ്ഥാപിക്കുന്നതിന് കഴിയണം. വൈദ്യുത പ്രസരണ നഷ്ടം തടയുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനായി പുതിയ തലമുറയ്ക്ക് ആവശ്യമായ ബോധവൽക്കരണം നൽകണം. ഊർജ്ജപ്രതിസന്ധിക്കിടയിലും മൂന്നുതവണ കേന്ദ്രസർക്കാരിന്റെ അവാർഡ് നേടിയ എനർജി മാനേജ്മെന്റ് സെന്ററിന്റെ

പ്രവർത്തനം അഭിനന്ദനാർഹമാണ്. വൈദ്യുതി രംഗത്ത് ഇനിയും കൂടുതൽ ഇടപെടൽ നടത്തുന്നതിനും വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സർക്കാരിന് സാധിക്കണം. നാഷണൽ ഗെയിംസിലൂടെ ഇന്ത്യക്കുതന്നെ കേരളം മാതൃകയായിരിക്കുകയാണ്. സ്റ്റേഡിയം ഇല്ലാത്ത സ്കൂളുകളിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടും അമ്പത് ശതമാനം തുക കായികവകുപ്പും വിനിയോഗിച്ചുകൊണ്ട് സ്റ്റേഡിയങ്ങൾ നിർമ്മിക്കിക്കുന്നതിന് നടപടിയുണ്ടാകണം. സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാടിനോട് യോജിക്കാനാവില്ല.

<u>ശ്രീ. കെ. രാജു:</u> കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനോ, പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. പെൻഷൻ കടിശ്ശിക കൊടുത്തുതീർക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച പാക്കേജ് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള പെൻഷൻ ബാധ്യത ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്ന് അനുവദിക്കുന്ന

തുക വ്യവസായ സ്ഥാപനമാണെന്ന പേരിൽ നിഷേധിക്കുന്ന സമീപനത്തിന് പരിഹാരമുണ്ടാക്കണം. പുനലൂർ ഡിപ്പോയോടുള്ള അവഗണന അവസാനിപ്പിക്കാനും പ്രസ്തുത ഡിപ്പോയ്ക്ക് ലോഫ്ളോർ ബസ് അനുവദിക്കാനും തയ്യാറാകണം. സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിച്ച് കുളത്തുപ്പുഴ, തെന്മല, ആര്യങ്കാവ് മേഖലകളിലുണ്ടാകുന്ന കാട്ടുമൃഗങ്ങളുടെ ആക്രമണത്തിന് പരിഹാരമുണ്ടാക്കണം. റോഡരികിൽ നിൽക്കുന്ന അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ സത്വര നടപടി സ്വീകരിക്കണം. അനധികൃതമായി റവന്യൂ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി, ഗതാഗതം എന്നീ മേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സബ്സിഡി വർദ്ധിപ്പിക്കണം. ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്ന വിവിധ പദ്ധതികൾ അടിയന്തരമായി കമ്മീഷൻ ചെയ്യാൻ കഴിയണം. കൂടങ്കുളം താപവൈദ്യുത പദ്ധതിയുടെ ഭാഗമായുള്ള പ്രാദേശിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള

ഇടപെടൽ നടത്തണം. കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ച് സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാനുള്ള നടപടിയുണ്ടാകണം. ആധുനിക സൗകര്യങ്ങളോടുകൂടിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കാനും ഡിപ്പോകളിൽ ജീവനക്കാർക്ക് വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. നിലവിലുള്ള ഡ്രൈവർമാർക്ക് ആധുനിക രീതിയിലുള്ള ബസ്സുകൾ കൈകാര്യം ചെയ്യാനുള്ള പ്രത്യേക പരിശീലനം നൽകണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യാനും കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. വനനശീകരണം തടയുന്നതിനും നല്ലയിനം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വനസംരക്ഷണം ഉറപ്പുവരുത്തി പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താനും സത്വര നടപടിയുണ്ടാകണം.

<u>ശ്രീ. ജെയിംസ് മാത്യു:</u> വാഗ്ദാനങ്ങളിൽ പ്രതീക്ഷയർപ്പിച്ച് കാത്തിരിക്കുന്ന ജനങ്ങളെ വിഡ്ഢികളാക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ നാല് വർഷക്കാലമായി പിന്തുടർന്നുവരുന്നത്. പ്രതിവർഷം നാലായിരത്തിലധികം ജനങ്ങളുടെ ജീവൻ റോഡപകടങ്ങളിൽ നഷ്ടപ്പെടുന്നുവെന്ന അപകടകരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനത്ത്

നിലനിൽക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ച് പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനോ ജില്ലാ ട്രാഫിക് റെഗുലേറ്ററി സമിതികൾക്ക് നൽകിയ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്താനോ ഗവൺമെന്റിന് കഴിഞ്ഞില്ല. ട്രാഫിക് നിയമലംഘനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടിയുണ്ടാകണം. ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുകയും ചെയ്യണം. റോഡ് സേഫ്റ്റി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. ജൻറം ബസ്സുകൾ അനുവദിച്ചതിൽ പക്ഷപാതപരമായ നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും റൂട്ടുകൾ ക്രമീകരിക്കുന്നതിനും വ്യക്തമായ മാനദണ്ഡമുണ്ടാകണം. സ്റ്റേ സർവ്വീസുകൾ ഒഴിവാക്കിയത് ന്യായീകരിക്കാവുന്നതല്ല. അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന ഈ സർക്കാരിന് ഒരു കാരണവശാലും അധികാരത്തിൽ തുടരാൻ അർഹതയില്ല.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗങ്ങൾ ബഹിഷ്കരിച്ച്

പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽനിന്നും പുറത്തുപോയി)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. 2009-ലെ ജൻറം ബസുകളുടെ റൂട്ട് ക്രമീകരണം സംബന്ധിച്ച എഗ്രിമെന്റിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഒഴിവാക്കിയിരുന്നു; എന്നാൽ വയനാട്-കണ്ണൂർ റൂട്ടിലും കോഴിക്കോട് -കാസർഗോഡ് റൂട്ടിലും ജൻറം ബസുകൾ ഓടിക്കുന്നുണ്ട്. 105263 വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്. പുനലൂരിൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിനോടനുബന്ധിച്ച് ശുചിമുറി നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റി സ്ഥലം ലഭ്യമാക്കിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പെൻഷൻ യഥാസമയം കൊടുക്കണമെന്നതന്നെയാണ് ഗവൺമെന്റ് നിലപാട്. അതിനായി പെൻഷൻ ഫണ്ട് രൂപീകരിച്ച് ജൂൺ മാസം മുതൽ എല്ലാ മാസവും 15-ാം തീയതി മുതൽ പെൻഷൻ തുക നൽകുന്നതിനുള്ള നടപടിയെടുക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുതിയ ബസ് സർവ്വീസുകൾ

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബംഗലൂരുവിൽനിന്ന് കണ്ണൂർ, കാസർഗോഡ് പ്രദേശങ്ങളിലേയ്ക്കും സേലം വഴി എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലേയ്ക്കും 5 സൂപ്പർ ക്ലാസ് സർവ്വീസുകൾ ഓഗസ്റ്റ് ആദ്യം ആരംഭിക്കും. കർണ്ണാടക, ആന്ധ്ര, തെലുങ്കാന, ഗോവ, പോണ്ടിച്ചേരി, തമിഴ്നാട് സംസ്ഥാനങ്ങളുമായി ചേർന്ന് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനുള്ള പ്രാഥമിക രേഖ ഒപ്പിട്ടുകഴിഞ്ഞു. ചെന്നൈ, പുതുശ്ശേരി, പനാജി, ഗോവ, ബോംബെ, പൂന, ഹൈദരാബാദ്, പുട്ടപർത്തി എന്നിവിടങ്ങളിലേയ്ക്ക് മൂന്നുമാസത്തിനകം പുതിയ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂലൈ മാസത്തോടുകൂടി സിൽവർലൈൻ ജറ്റ് എന്ന അതിവേഗസർവ്വീസ് ആരംഭിക്കുന്നതാണ്. മറ്റ് യാത്രാസൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് ടൗൺ റ്റു ടൗൺ സർവ്വീസ് ആരംഭിക്കുന്നതിനും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കെൽട്രോണുമായി ചർച്ച നടത്തി ജി.പി.ആർ.എസ്. സംവിധാനമുള്ള ആധുനിക ടിക്കറ്റിംഗ് മെഷീനുകൾ ലഭ്യമാക്കി ഡിപ്പോകളിലെ സർവ്വീസ് കാര്യക്ഷമമാക്കുന്നതും ആർ.എഫ്.ഐ.ഡി. കാർഡുപയോഗിച്ച് പാസ്/കൺസെഷൻ ടിക്കറ്റുകളുടെ

വിതരണം നിയന്ത്രിക്കുന്നതും ബയോ മെട്രിക് അറ്റൻഡൻസ് സംവിധാനം നടപ്പാക്കുന്നതുമാണ്. നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നിവിടങ്ങളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം രണ്ടുമാസത്തിനകം പൂർത്തീകരിക്കുന്നതും ഹരിപ്പാട്, പത്തനംതിട്ട, മൂവാറ്റുപുഴ, തൊടുപുഴ, നിലമ്പൂർ, കോട്ടയം എന്നിവിടങ്ങളിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതും എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലെ പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലുമാണ്. കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസും അറുപത് ബസ്സ്റ്റേഷനുകളിൽ എ.റ്റി.എം. കൗണ്ടറുകളും ആരംഭിക്കുന്നതാണ്. തേക്കടി, ഫോർട്ട് കൊച്ചി, നിലമ്പൂർ, വയനാട്, മൂന്നാർ, ആലപ്പുഴ, പറശ്ശിനിക്കടവ്, മലമ്പുഴ, പീച്ചി, അതിരപ്പിള്ളി, വാഴച്ചാൽ, കൊടുങ്ങല്ലൂർ, ബേക്കൽ, കുമരകം, ശാസ്താംകോട്ട എന്നീ ടൂറിസ്റ്റ് മേഖലകളിലേയ്ക്ക് കെ.യു.ആർ.ടി.സി. ബസ്സ് സർവ്വീസ് നീട്ടുന്നതാണ്. ഡിപ്പോകളിൽ ഓൺ ലൈൻ റിസർവേഷൻ സംവിധാനവും വെബ്സൈറ്റും ആരംഭിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊച്ചി-കോഴിക്കോട്-തിരുവനന്തപുരം എയർപോർട്ടുകളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ് ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യെ കടബാദ്ധ്യതയിൽ

നിന്നും രക്ഷപ്പെടുത്തുന്നതിനായി നാഷണലൈസ്ഡ് ബാങ്കുകളുമായി സഹകരിച്ച് പുതിയൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരങ്ങളിലെ ചെറുവാഹനങ്ങളുടെ എണ്ണം കുറയ്ക്കണമെന്ന ആശയം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. കേരളത്തിലെ വനം-വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ മാസം 11-ാം തീയതി തിരുവനന്തപുരത്തുവച്ച് ദക്ഷിണേന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്. മലയാറ്റൂർ ഉൾപ്പെടെയുള്ള വനമേഖലകളിലെ കാട്ടാന-വന്യജീവിവേട്ട തടയുന്നതിന് ശക്തമായ നിയമനടപടി സ്വീകരിക്കുന്നതും 250 ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തുന്നതും ഇൻവെസ്റ്റിഗേഷൻ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. ആദിവാസി ശാക്തീകരണത്തിന്റെ ഭാഗമായി ഊരുസഭ-ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്-ജില്ലാതലങ്ങളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ചർച്ച നടത്തി കൂടുതൽ ആദിവാസി ഭൂമിക്ക് ടൈറ്റിൽ നൽകുന്നതും ഭവന നിർമ്മാണാർത്ഥം ആദിവാസികൾ നട്ടുവളർത്തിയ മരങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. പ്രത്യേക

തസ്തികകൾ സൃഷ്ടിച്ച് ആദിവാസി യുവാക്കൾക്ക് വാച്ചർ നിയമനം നൽകിയതിനുപുറമെ കോളനികളിൽ മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ഊരുമിത്ര സംവിധാനം ഏർപ്പെടുത്തുന്നതിനും ജീപ്പ് സൗകര്യം ഏർപ്പെടുത്തുന്നതിനും വനവിഷയങ്ങളിൽ പഠന-ഗവേഷണത്തിനായി ദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് അതിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഗ്രീൻ അവാർഡുകൾ ഏർപ്പെടുത്തുന്നതും ഇതിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതുമാണ്. ജനവാസ കേന്ദ്രങ്ങളിൽ നാശം വിതയ്ക്കുന്ന കാട്ടാന, കടുവ തുടങ്ങിയ വന്യജീവികളെ ട്രാക്ക് ചെയ്യുന്നതിന് റേഡിയോ കോളർ സംവിധാനം ഏർപ്പെടുത്തുന്നതും സെൻസിറ്റീവ് ഏരിയകളിൽ ഫെൻസിംഗ് നടത്തുന്നതുമാണ്. തടി വിൽപ്പനയ്ക്കായി ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തിയതിനുപുറമെ വനം വകുപ്പിൽ ജോലിചെയ്യുന്ന ആദിവാസി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ 40 ഏക്കർ കണ്ടൽക്കാട് റിസർവ് ഫോറസ്റ്റിന്റെ ഭാഗമാക്കിക്കൊണ്ട് നോട്ടിഫിക്കേഷൻ ഇറക്കുകയും വനമേഖലയുടെ

നിരീക്ഷണത്തിനും വനസംരക്ഷണത്തിനും വന മാനേജ്മെന്റുകൾക്കുമായി നൂതന സാങ്കേതിക വിദ്യയോടുകൂടിയ ചെറുവിമാനങ്ങൾ ഉപയോഗപ്പെടുത്തുന്ന 'ഡ്രോൺ' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിന് സ്വാഭാവിക പ്രകൃതിവിഭവനിധി രൂപീകരിക്കാനായി നാച്വറൽ ക്യാപ്പിറ്റൽ ഫൗണ്ടേഷൻ രൂപീകരിക്കുന്നതാണ്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഫീസ് ഈടാക്കി നാട്ടിലുള്ള ആനകളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും ആ തുക ആനകളുടെ പരിപാലനത്തിനായി വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ ആര്യാടൻ മുഹമ്മദ്): ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയ എല്ലാവരെയും നന്ദി അറിയിക്കുന്നു. രാജ്യത്തിന്റെ എല്ലാ രൂപത്തിലുള്ള വളർച്ചയ്ക്കും വൈദ്യുതി ആവശ്യമാണ്. അപേക്ഷിച്ച എല്ലാവർക്കും വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി വിതരണം ചെയ്യുന്നതിനുമാണ് ഈ ഗവൺമെന്റ് മുൻഗണന നൽകുന്നത്. ആഗസ്റ്റ് 15-ാം തീയതിക്കുള്ളിൽ പെൻഡിംഗിലുള്ള കണക്ഷനുകൾ മുഴുവൻ കൊടുത്തുതീർക്കുന്നതാണ്. സിംഗിൾ ഫേസ് ത്രീ ഫേസാക്കിക്കൊണ്ടുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം

നടപ്പാക്കിയും 220, 110 കെ.വി. ലൈനുകളുടെ നിർമ്മാണം വർദ്ധിപ്പിച്ചും വോൾട്ടേജ് പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്താനും വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനും കുറവുള്ള വൈദ്യുതി അധിക തുക കൊടുത്ത് പുറത്തുനിന്നും വാങ്ങി ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. 2012-13 കാലയളവിൽ റവന്യൂ വരുമാനത്തിന്റെ 102 ശതമാനവും പവർ പർച്ചേസിനാണ് ചെലവിട്ടത്. ഉപഭോക്താക്കളുടെ പരാതികൾ രജിസ്റ്റർ ചെയ്യാനും അവയ്ക്ക് പരിഹാരമുണ്ടാക്കാനുമായി കസ്റ്റമർ കെയർ സെന്റർ എന്ന ഒരു പുതിയ വെബ്സൈറ്റുണ്ടാക്കി വൈദ്യുതി ഭവനിൽ സ്ഥാപിച്ചു. കേടുവന്ന മീറ്ററുകൾ മാറ്റി എൽ.എൻ.റ്റി.യുടെ പുതിയ മീറ്ററുകൾ വാങ്ങി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇടമൺ-കൊച്ചി ലൈൻ പ്രാവർത്തികമാക്കി 300 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരുന്നതിനും പ്രസരണനഷ്ടം ഒഴിവാക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റിൽനിന്നും അധിക തുക വാങ്ങുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മൈസൂരിൽ നിന്നും അരീക്കോട്ടേക്കുള്ള 400 കെ.വി. ലൈൻ കർണ്ണാടക ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രാവർത്തികമാക്കാൻ കഴിഞ്ഞതും ഛത്തീസ്ഗഢിൽ നിന്ന് തമിഴ്നാട്ടു വഴി മാടക്കത്തറയിലേയ്ക്ക് ലൈൻ വലിച്ച് 2000 മെഗാവാട്ട്

വൈദ്യുതി കൊണ്ടുവരാനുള്ള ശ്രമവും 25 കൊല്ലത്തേയ്ക്ക് 1250 മെഗാവാട്ട് (ഒരു യൂണിറ്റിന് 4.31 പൈസ വച്ച്) വൈദ്യുതി വാങ്ങുവാനുള്ള എഗ്രിമെന്റ് വച്ചതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ബ്രഹ്മപുരത്ത് നിലവിലുള്ള 37 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ശേഷിയുള്ള രണ്ട് മെഷീനുകൾ മാറ്റിവയ്ക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. അത് ഈ ഗവൺമെന്റിന്റെ കാലാവധിക്കുമുമ്പ് കമ്മിഷൻ ചെയ്യുന്നതിനും കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒരു വീട്ടിൽ ഒരു കിലോവാട്ട് എന്ന തോതിൽ ഏകദേശം ഏഴര മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. ഇപ്പോൾ രണ്ട് കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെയുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാനും അതിന് സബ്സിഡി നൽകാനുമുള്ള തീരുമാനമെടുത്തിരിക്കുകയാണ്. പെറ്റ്കോക്കിന്റെ 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുകഴിഞ്ഞു. കായംകുളം വൈദ്യുതനിലയത്തിൽ നിന്നും ലഭിക്കുന്ന 389 മെഗാവാട്ട് വൈദ്യുതി എൽ.എൻ.ജി.യായി കൺവെർട്ട് ചെയ്യാൻ പോകുന്നു. കണ്ണൂർ ജില്ലയിലെ ചീമേനിയിൽ കോൾ ബേസ്ഡ് പവർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചതിനെതിരെ

ഫയൽ ചെയ്ത കേസിന് അനുകൂലമായ വിധി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദേശത്തുനിന്ന് കോൾ ഇറക്കുമതി ചെയ്താലും മൂന്നര രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടക്കം കുറിച്ച 2002.6 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളിൽ ഭൂരിപക്ഷവും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഐ.പി.പി.-യും സി.പി.പി.-യുമായി ചേർന്ന് 109 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അനുവാദം കൊടുത്തുകഴിഞ്ഞു. പവറിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന കാസർഗോഡ്, മലബാർ ഭാഗങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ റിക്രൂട്ട്മെന്റ് നടപ്പാക്കാനുള്ള ശ്രമം നടക്കുകയാണ്. എൻഡോസൾഫാൻ ബാധിച്ച കാസർഗോഡ് ജില്ലയിലെ മുഴുവൻ വീടുകളിലും സൗജന്യ വൈദ്യുതി കണക്ഷനും രണ്ട് എൽ.ഇ.ഡി. ബൾബുകളും നൽകുന്നതാണ്. കൃഷിക്കാരുടെ താരിഫിൽ വന്നിട്ടുള്ള വർദ്ധനവ് ഒഴിവാക്കുന്നതിനും ഇടുക്കി പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട കുളമാവിൽ ഹൈഡൽ ടൂറിസത്തിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ഇ.ബി.-

യുടെ പെൻഷൻ സ്കീമിനുവേണ്ടി ഒരു മാസ്റ്റർ ട്രസ്റ്റുതന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിന്റെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ കുടിശ്ശികയാണ് ഇപ്പോഴുള്ളത്. വാട്ടർ കണക്ഷന് അപേക്ഷിക്കുമ്പോൾ ആ കണക്ഷനിലുള്ള പണമടച്ചാൽ കുടിശ്ശികയിൽ പകുതി അടയ്ക്കണമെന്നുള്ളത് ഒഴിവാക്കി കണക്ഷൻ കൊടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.29-ന് പിരിഞ്ഞു.

--------